എൻ.എം(എ)1/36782/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 17-5-2017

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി- സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കുലർ നൽകുന്നത് - സംബന്ധിച്ച്.

സൂചന:-പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/5/2017 ലെ കുറിപ്പ്.

സ്കൂൾ തുറക്കുന്നതിനു മുൻപായി ഉച്ചഭക്ഷണ വിതരണം നടക്കുന്ന എല്ലാ സ്കൂളുകളിലെയും വാട്ടർ ടാങ്കുകളും കിണറുകളും വൃത്തിയാക്കേണ്ടതും, കിച്ചൺ, ഡൈനിങ്ങ്ഹാൾ, പരിസരം എന്നിവയുടെ വൃത്തി ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് പ്രഥമാദ്ധ്യാപകർക്ക് ഇന്നുതന്നെ കർശന നിർദ്ദേശം നൽകേണ്ടതാണ്. കിണറിൽ നിന്ന് വെള്ളമെടുക്കുന്ന സ്കൂളുകൾ വാട്ടർ സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. നൂൺമീൽ ഓഫീസർമാർ ഇക്കാര്യം മോണിറ്റർ ചെയ്യേണ്ടതും 31-5-2017 ന് മുൻപ് ഇത് സംബന്ധിച്ച റിപ്പോർട്ട് ഈ ഓഫീസിൽ നൽകേണ്ടതുമാണ്.

(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ നൂൺമീൽ ഓഫീസർമാർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
(നൂൺമീൽ ഓഫീസർമാർക്ക് പകർപ്പ് നൽകേണ്ടതാണ്)